"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം-WM3/66/2024-LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16-03-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം - മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - മാർഗ നിർദ്ദേശങ്ങൾ

സൂചന:-
1. 08.03.2023 ലെ WM3/38/2023-LSGD നമ്പർ സർക്കുലർ
2. 20.05.2023 ലെ സ.ഉ (സാധാ) നം.1068/2023/LSGD നമ്പർ സർക്കാർ ഉത്തരവ്
3. 07.10.2023 ലെ സ.ഉ (സാധാ) നം 1971/2023/LSGD നമ്പർ സർക്കാർ ഉത്തരവ്
4. 14.02.2024 ലെ WM3/47/2024- LSGD നമ്പർ സർക്കുലർ
5. 28.04.2023 ലെ ഡബ്ല്യൂ.എം.3/38/2023/തസ്വഭവ നമ്പർ സർക്കുലർ

മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം നേടുന്നതിനായി മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ വളരെ സജീവമായി നടന്നു വരികയാണ്. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കി കേരളം മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

1. മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് സുസ്ഥിര സംവിധാനവും മാലിന്യങ്ങൾ കൊണ്ട് ഉണ്ടാവുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുവാനും സാധിക്കും.

2. കൊതുക്, ഈച്ച തുടങ്ങിയ രോഗ വ്യാപന സ്വഭാവമുള്ള പ്രാണികളുടെ പ്രജനന സ്രോതസുകൾ ഇല്ലാതാക്കുകയും നീർച്ചാലുകൾ/തോടുകൾ തുടങ്ങി ജലാശയങ്ങളിലെ നീരൊഴുക്ക് തടസ്സങ്ങൾ നീക്കം ചെയ്യുന്ന പ്രവർത്തനവും മഴക്കാല പൂർവ്വ ശുചീകരണത്തിൽ ഉറപ്പാക്കേണ്ടതുണ്ട്.

ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റേയും, ആരോഗ്യ വകുപ്പിന്റെയും കൂട്ടായ നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റു വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപിത പ്രവർത്തനവും ജനകീയ പങ്കാളിത്തവും ഉറപ്പാക്കി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**1. മാലിന്യ പരിപാലനം ഉറപ്പാക്കൽ**

1.1. മുഴുവൻവീടുകൾ/സ്ഥാപനങ്ങളിൽ നിന്നും 100% വാതിൽപ്പടി ശേഖരണവും പൊതുയിടങ്ങൾ മാലിന്യ മുക്തമാക്കുന്നതിനും വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും ജലാശയങ്ങളിലെ നീരൊഴുക്ക് തടസങ്ങൾ നീക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ 2024 മാർ ച്ച് 31ന് മുൻപ് ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ വാർഡ് തല പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനം ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഇതിനായി വാർഡുതല ശുചിത്വസമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

**1.2.കൊതുക് നിവാരണം**

വീടുകൾ, സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ ഡ്രൈഡേ ആചരിക്കൽ, ഉറവിട മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ഓടകൾ വൃത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

**1.3. ജലസ്രോതസുകളുടെ ശുചീകരണം**

മലിനമായി കിടക്കുന്ന നീർച്ചാലുകൾ/തോടുകൾ/കുളങ്ങൾ എന്നിവ ശുചീകരിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്. കൂടാതെ മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കുക, ഓടകൾ വൃത്തിയാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി തദ്ദേശ സ്ഥാപനതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

1.4. **ജനകീയ പങ്കാളിത്തം**

കുടുംബശ്രീ ഭാരവാഹികൾ, ആശാ പ്രവർത്തകർ, ഹരിതകർമ്മസേന, റെസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ, എൻ.ജി.ഒ കൾ, എൻ.എസ്.എസ്, എൻ.സി.സി, ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, എസ്.പി.സി, യുവജനസംഘടനകൾ, യൂത്ത് ക്ലബുകൾ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സാംസ്കാരിക സംഘടനകൾ, പഞ്ചായത്ത്/നഗരസഭകളിൽ നിന്ന് രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സേനകൾ തുടങ്ങിയ വിവിധ വിഭാഗം ജനങ്ങളുടേയും സംഘടനകളുടേയും സ്ഥാപനങ്ങളുടേയും പങ്കാളിത്തം ശുചീകരണത്തിനും, മാലിന്യമുക്ത പ്രദേശങ്ങൾ സൃഷ്ടിക്കുന്നതിനും പ്രയോജനപ്പെടുത്തണം.

**2. പ്രവർത്തന സമയപരിധി**

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും മാർച്ച് അവസാന വാരത്തോടുകൂടി തുടങ്ങി മെയ് 2 0 നകം പൂർത്തിയാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തദ്ദേശസ്ഥാപനതല സെക്രട്ടറിക്ക് പൂർണ്ണമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

**3. വകുപ്പുകൾ മിഷനുകൾ /സമിതികളുടെ ഉത്തരവാദിത്തം**

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിൽ ചുമതലയുള്ള വകുപ്പുകളുടെയും മിഷനുകളുടെയും യോഗം ജില്ല കളക്ടറുടെ അധ്യക്ഷതയിൽ പ്രത്യേക യോഗം വിളിച്ച് ചേർത്ത് പ്രവർത്തനങ്ങളും ചുമതലകളും നിർണയിച്ച് നൽകേണ്ടതാണ്. ക്യാമ്പയിൻ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ഉത്തരവാദിത്തങ്ങൾ വിവിധ മിഷനുകൾ/വകുപ്പുകൾ/സ്ഥാപനങ്ങൾ (ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, കില, ഇൻഫർമേഷൻ കേരള മിഷൻ, തൊഴിലുറപ്പ് മിഷൻ, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കൃഷി വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പ്, ജല

അതോറിറ്റി, ജല വിഭവ വകുപ്പ്, തൊഴിൽ വകുപ്പ്, ഫിഷറീസ് വകുപ്പ, പോലീസ് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ സ്ഥാപനങ്ങൾ/ഏജൻസികൾ) നിർവ്വഹിക്കേണ്ടതും മാലിന്യ സംസ്കരണം, കൊതുക് നിവാരണം, ശാസ്ത്രീയ മാലിന്യ സംസ്കരണം, ഓഫീസുകളുടെ വൃത്തി എന്നിവ വളരെ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. മാലിന്യ കൂനകൾ, വെള്ളക്കെട്ട് സ്ഥലങ്ങൾ തുടങ്ങിയ പൊതു ജനാരോഗ്യ പ്രശ്നമുള്ള സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് വാർഡുതല ശുചിത്വസമിതികൾ മാർച്ച് 3 0 ന് മുൻപ് നൽകേണ്ടതാണ്. പൊതു ജനാരോഗ്യവും മാലിന്യ സഹകരണവും സംബന്ധിച്ച് വ്യാപകമായ ബോധവത്കരണ പരിപാടിയും തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദേശിച്ചിട്ടുള്ള മാലിന്യ സംസ്കരണ രീതി പിന്തുടരാത്ത സ്ഥാപനങ്ങൾ/ വീടുകൾക്കെതിരെ പൊതുജനാരോഗ്യ നിയമ പ്രകാരം നിയമ നടപടി സ്വീകരിക്കണം.

- മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ആവശ്യമായ ഐ.ഇ.സി പ്രവർത്തനങ്ങൾ കൃത്യതയോടെ ഹോട്സ്പോട്ടുകൾ കേന്ദ്രീകരിച്ചും പൊതുവായും നടത്തേണ്ടതാണ്

- മാലിന്യ പ്രശ്നവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പരാതികളിന്മേൽ 2 4 മണിക്കൂറിനകം പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

- അജൈവമാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേന സന്ദർശിക്കുന്ന വേളയിൽ ജൈവമാലിന്യം വീടുകൾ/സ്ഥാപനങ്ങളിൽ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് ചോദിച്ച് മനസിലാക്കേണ്ടതാണ്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളോടൊപ്പം ജൈവ-അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനെ കുറിച്ച് ബോധവൽക്കരണം നൽകേണ്ടതുമാണ്. ഇക്കാര്യം കൃത്യമായി കുടുംബശ്രീ മോണിറ്റർ ചെയ്യേണ്ടതും ആവശ്യമെങ്കിൽ അതിനുള്ള പരിശീലനം ഹരിതകർമ്മസേനയ്ക്ക് നൽകേണ്ടതുമാണ്.

4. **വാർഡുതല ശുചിത്വസമിതി**

എല്ലാ വാർഡുകളിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടേയും പ്രാഥമിക വിലയിരുത്തൽ നടത്തി കൃത്യമായ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്. ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാകുന്ന രണ്ട് വർഷത്തെ ഡാറ്റാ വിശകലനം ചെയ്ത് ഹോട്സ്പോട്ടുകളായ പ്രദേശങ്ങൾ വാർഡിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുകയും അത്തരം അവസ്ഥ ഈ മഴക്കാലപൂർവ്വ ക്യാമ്പയിൻ കാലയളവിൽ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മാലിന്യകൂനകൾ, വെള്ളക്കെട്ട് സ്ഥലങ്ങൾ എന്നിങ്ങനെ പൊതുജനാരോഗ്യ പ്രശ്നമുള്ള സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കി മാർച്ച് 3 0 ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. കൂടാതെ തുകയുടെ കൃത്യമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്

5. **പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ചുമതല**

സൂചന 5 ഉത്തരവ് പ്രകാരം കൃത്യമായി മാലിന്യ സംസ്കരണം നടക്കാത്ത വീടുകൾ സ്ഥാപനങ്ങളുടെ വിവരങ്ങൾ ആരോഗ്യ വകുപ്പിന്റെ ഫീൽഡ് തല ഉദ്യോഗസ്ഥർ ഫീൽഡിൽ നിന്ന് കണ്ടെത്തി ആയത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് കൈ മാറേണ്ടതാണ്.

6. **തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ള പൊതു നിർദ്ദേശങ്ങൾ**

സർക്കാർ നിർദ്ദേശങ്ങളനുസരിച്ച്, വാർഡ്തല മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്. കൂടാതെ കർമ്മപദ്ധതി ആവിഷ്കരിച്ച് സമയപരിധിക്കകം എല്ലാ നടപടികളും വളരെ ഫലപ്രദമായി ചെയ്യുന്നതിന് സെക്രട്ടറിമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ശുചിത്വ - മാലിന്യസംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സെക്രട്ടറി രണ്ടു ദിവസത്തിലൊരിക്കൽ റിവ്യൂ ചെയ്യേണ്ടതാണ്. സൂചന 4 ഉത്തരവ് പ്രകാരം ചുമതല, നിർവ്വഹണം നടക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. ഉറവിട മാലിന്യ സംസ്കരണവും വാതിൽപ്പടി ശേഖരണവും ഹരിതമിത്രം ആപ്പിലൂടെ നൂറ് ശതമാനം മാർച്ച് 31ന് മുമ്പ് എത്തിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.
മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ചെയ്യേണ്ടതും ആയതിലേയ്ക്കായി ഹരിതമിത്രം ആപ് ഉപയോഗിക്കാവുന്നതുമാണ്.

7. **നിയമ നടപടി**

തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണ തല വിജിലൻസ് സ്ക്വാഡിന്റെ നേതൃത്വത്തിലും നിലവിലുള്ള ഉത്തരവുകളും ചട്ടങ്ങളും പ്രകാരമുള്ള നിയമ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് /നഗരസഭകളിൽ പ്രത്യേക ക്രമീകരണം ഉണ്ടാക്കേണ്ടതാണ്. ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിലും പ്രീ മൺസൂൺ പരിശോധനയും തദ്ദേശ സ്ഥാപന തലത്തിൽ നിയമനടപടികളും സ്വീകരിക്കാവുന്നതാണ്.

8. **സാമ്പത്തിക വിശകലനം**

ഗ്രാമപഞ്ചായത്തിന്/മുനിസിപ്പാലിറ്റികൾക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിന് വാർഡൊന്നിന് ചെലവഴിക്കാവുന്ന പരമാവധി തുക: രൂ.30000 (വാർഡൊന്നിന് ശുചിത്വമിഷൻ വിഹിതം 10,000/-, എൻ.എച്ച്.എം വിഹിതം 10,000/- തനത് ഫണ്ട് 10,000/-). മുൻസിപ്പൽ കോർപ്പറേഷനുകൾക്ക് രൂ.40000/- (വാർഡൊന്നിന് ശുചിത്വമിഷൻ വിഹിതം 20,000/- എൻ.എച്ച്.എം 10,000/-, തനത് ഫണ്ട് 10,000/-). ശുചിത്വമിഷനിൽ നിന്ന് ഫണ്ട് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം ടി വിഹിതം തനത്/പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതും ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ വകയിരുത്താവുന്നതുമാണ്.
കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഹോട്സ്പോട്ട് ആയി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ ശുചീകരണത്തിനായി കൂടുതൽ തുക ആവശ്യമാകുന്ന സാഹചര്യമുണ്ടെങ്കിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി കൗൺസിലിന്റെ അംഗീകാരത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 10000/- രൂപ വരെ അധികം ചെലവഴിക്കുന്നതിന് ഭരണസമിതിയ്ക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

9. **അവലോകനം**

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ജില്ലാചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുകയും കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ രണ്ടാഴ്ചയിലൊരിക്കലും ജോയിന്റ് ഡയറക്ടർമാർ ആഴ്ചയിലൊരിക്കലും അവലോകനം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ ആഴ്ചയിലൊരിക്കൽ അവലോകനം നടതേണ്ടതുമാണ്.

I/6116823/2024

*********************

കെ മുഹമ്മദ് വൈ സഫിറുള്ള
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 16-03-2024 11:01:08
സെക്ഷൻ ഓഫീസർ.

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്